# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198 — 26.03.2013 ൽ മറുപടിയ്ക്ക്

## 'ആശ്വാസ് പദ്ധതി - 2012'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 'ആശ്വാസ് പദ്ധതി 2012' ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) കുടിശ്ശിക ഇല്ലാത്ത സഹകരണ വായ്പാ സംഘങ്ങൾ എന്നതാണ് 2012 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെ നടപ്പിലാക്കിയ ആശ്വാസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തവർക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 10 ലക്ഷം രൂപവരെയുള്ള കുടിശ്ശികയായ വായ്പകൾ വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശനിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ, ഏതാണോ കുറവ് ആയത് പ്രകാരം മുതലിനെ അധികരിക്കാതെ പലിശ അടച്ച് പലിശത്തുകയും മുതലും അടച്ച് പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചാർജ്ജുകൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി സംഘം കേസുകൾക്കായി ഫീസുകൾ അടച്ചിട്ടുണ്ടെങ്കിൽ ആയത് കൂടി അടച്ച് വായ്പാക്കണക്ക് അവസാനിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു.<br><br>10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പയെടുക്കുമ്പോൾ ഉള്ള പലിശ നിരക്കോ, നിലവിലുള്ള പലിശനിരക്കോ, ഏതാണോ കുറവ് ആയത് പ്രകാരം മുതലിനെ അധികരിക്കാതെ |

| | |
|---|---|
| | പലിശതുകയും ടി പലിശ തുകയുടെ 5% ൽ അധികരിക്കാതെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും മുതലിനൊപ്പം അടച്ച് പിഴപ്പലിശയും മറ്റിനം ചെലവുകളും പൂർണ്ണമായും ഒഴിവാക്കി ആർബിട്രേഷൻ/ എക്സിക്യൂഷൻ ഫീസുകൾ സംഘം അടച്ചിട്ടുണ്ടെങ്കിൽ ആയതും അടച്ച് വായ്പാക്കണക്ക് അവസാനിപ്പിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. |
| (സി) എത്ര കോടി രൂപയുടെ ഇളവുകൾ നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ; | (സി) കുടിശ്ശികക്കാരായ വായ്പക്കാർക്ക് പരമാവധി ഇളവുകൾ നൽകുന്നതോടൊപ്പം സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ടായിരുന്നു. സംഘങ്ങളുടെ 1995.51 കോടി രൂപയുടെ വായ്പ കുടിശ്ശിക പിരിച്ചെടുക്കാനും 53.48 കോടിയുടെ ഇളവ് നൽകാനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) ആശ്വാസ് 2012 പദ്ധതി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നിർദ്ദേശങ്ങൾക്കുപരിയായി മരണപ്പെട്ടവരുടെ വായ്പകൾ, മാരകരോഗം ബാധിച്ചവർ/മാരക രോഗം ബാധിച്ചവരുള്ള കുടുംബാംഗങ്ങൾ, വിധവകൾ, മാനസിക രോഗികൾ കുടുംബാംഗങ്ങൾ ആയിട്ടുള്ളവരും അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണയിലായിരിക്കുകയും ചെയ്യുന്നവർ തുടങ്ങി മാനുഷിക പരിഗണന അർഹിക്കുന്നവരുടെ വായ്പകളിന്മേൽ അധിക ഇളവുകൾ നൽകണമെന്ന് ഏതെങ്കിലും സംഘം/ബാങ്ക് തീരുമാനിക്കുന്ന പക്ഷം സഹകരണ വകുപ്പ് മന്ത്രി ചെയർമാനും, സഹകരണ വകുപ്പ് സെക്രട്ടറി അംഗമായും, സഹകരണ സംഘം രജിസ്ട്രാർ കൺവീനറായും രൂപീകരിച്ചിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റി പ്രസ്തുത ഇളവുകൾക്ക് |

അംഗീകാരം നൽകുന്നതിന് സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് പുറമെ "ആശ്വാസ്" പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിന് സംഘം തലത്തിലും, താലൂക്ക് തലത്തിലും, ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികളും സംസ്ഥാന ജില്ലാ തലത്തിൽ നോഡൽ ഓഫീസർമാരേയും ചുമതലപ്പെടുത്തിയിരുന്നു.

സെക്ഷൻ ഓഫീസർ